(ഡി) അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എം.ഡി.യെ സസ്പെന്റ് ചെയ്യുകയുണ്ടായോ; എങ്കിൽ സസ്പെഷൻ ഉത്തരവ് ഏത് വകുപ്പിൽ നിന്നാണ് പുറപ്പെടുവിപ്പിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് ആരോപണം ഉയർന്ന സാഹചര്യത്തിൽ വിജിലൻസ് വകുപ്പ് അന്വേഷണം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ധനപരിശോധനാ വിഭാഗത്തിന്റെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി&ഡി) ലോട്ടറി അച്ചടിയന്ത്രം വാടകക്കെടുത്തതുമായി ബന്ധപ്പെട്ട് വി.ഇ 03/14/എസ്.ഐ.യു-II നമ്പറായി ഒരു വിജിലൻസ് അന്വേഷണം നടത്തുകയും വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സി-ആപ്റ്റ് മാനേജിംഗ് ഡയറക്ടറായിരുന്ന പ്രൊഫ. സജിത്ത് വിജയരാഘവനെ വിജിലൻസ് (ബി) വകുപ്പിന്റെ 01/01/2016-ാം തീയതിയിലെ ജി.ഒ. (ആർറ്റി.) നമ്പർ 02/2016 വിജി. നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

ടൈബൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ

60(1114) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഈസ്റ്റ് ഗേൾസ് ഹൈസ്കൂൾ വക സ്ഥലത്ത് നിലവിൽ സ്ഥിതി ചെയ്യുന്ന ടൈബൽ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റലിന് പുതിയ കെട്ടിടം അതേ സ്ഥലത്ത് പണിയുന്നതിനായി വിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ഇനിയും ലഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 20454/08, 54703/14, 12930/E1/14, 12252/14, 13122/10 എന്നീ നമ്പരുകളിലായി പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഓഫീസിൽ ഇതു സംബന്ധിച്ച നിരവധി കത്തുകളടക്കമുള്ള ഫയലുകളിൽ, എട്ട് വർഷക്കാലം പിന്നിട്ടിട്ടും നടപടിയുണ്ടാകാത്തത് മൂലം പാവപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ അവസാനിപ്പിക്കുന്നതിനായി, ഹോസ്റ്റൽ നിർമ്മാണത്തിന് അനുമതി നൽകുവാൻ തയ്യാറാകുമോ?

ഉത്തരം

(എ&ബി) പരിശോധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly